

# ബൈബിൾ ദൂത്

# ALMOST FREE !

## Excellent Christian Literature

You can receive 20 books (English) worth two hundred rupees for rupees twentyfive only. Good for preachers, teachers and students of the Bible.

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge. Your M. O. should be addressed to.

Editor
**THE BIBLE TEACHER**
C-22 N. D. S. E.2
New Delhi-110049

# ബൈബിൾ ട്രൂത്ത്

Editors

**P. K. VARGHESE** *** **J. C. CHOATE**

*** *** ***

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

| Vol 7 | August 1993 | No. 5 |
|---|---|---|


മതഭക്തി ഇന്നു ചടങ്ങുകളായി പരിണമിച്ചിരിക്കുകയാണ്. ദൈവീക കാര്യങ്ങളെ സംബന്ധിച്ച അജ്ഞതകൊണ്ടോ അഹന്ത കൊണ്ടോ എന്നറിഞ്ഞുകൂടാ പലരിലും കാണുന്ന പ്രവണതയാണിതു. നാമധേയ വിഭാഗങ്ങളും അതിലെ ആചാരങ്ങളും ആവിഷ്ക്കരിച്ച് എടുത്തതു മനുഷ്യരാകയാലാണ് ഇങ്ങനെ തരം താഴ്ന്നുപോകുന്നതു. പള്ളിയിൽ പോകുന്നതും ആരാധിക്കുന്നതും മാനസിക സംതൃപ്തിക്കുവേണ്ടിയാണെങ്കിൽ ആരാധനാലയങ്ങളെ മനശാസ്ത്രാലയങ്ങൾ എന്ന് നാമകരണം ചെയ്തുപോകും. യെരുശലേം ദേവാലയത്തിൽ പ്രവേശിച്ച യേശുക്രിസ്തുവിനു അവിടം അന്ന് ഒരു വാണിഭശാലയായിട്ടേ കാണാൻ കഴിഞ്ഞുള്ളൂ. ദൈവത്തെ ആരാധിക്കുന്നതും ദൈവീകകാര്യങ്ങൾ പ്രവർത്തിക്കുന്നതും ദൈവേഷ്ടമനുസരിച്ചായിരിക്കണം. ദൈവപ്രസാദം ലഭിക്കണമെങ്കിൽ അതു ഹൃദയംഗമമായിരിക്കണം. പെട്ടെന്ന് ഒരു വഴിപാട് എത്തിക്കുന്ന രീതി ദൈവം ഇഷ്ടപ്പെടുമോ എന്നു ഓരോരുത്തരും ചിന്തിച്ച് ആത്മാർത്ഥമായി ദൈവത്തെ സേവിക്കുകയും നമസ്ക്കരിക്കുകയും ചെയ്യുക.

എഡിറ്റർ

P. K. Varghese

# ദൈവത്തിന്നു കണക്കു കൊടു ക്കേണ്ടതു ആർ ?

## J. C. ചോട്ട്

ഈ ലോകത്തിൽ നാം പലതിനും കണക്കു കൊടു ക്കേണ്ടവരാണെന്നു നമുക്കറിയാം. അതിൽ നമ്മുടെ രക്ഷ കർത്താക്കളും, നാം ആർക്കുവേണ്ടി ജോലി ചെയ്യുന്നുവോ അവരും, രാജ്യത്തിലെ നീതിന്യായവ്യവസ്ഥകളും നമ്മുടെ ഗവൺമെൻറും അതിൽ ഉൾപ്പെടുന്നുണ്ട്. അതിനെക്കാൾ എല്ലാം ഉപരിയായി ദൈവത്തോടും നാം കണക്കു കൊടുക്കേ ണ്ടവരാണ്.

കൊടുത്തു തീർക്കേണ്ടവ എന്ന് കണക്കു കൊടുക്കലി ന് നമുക്കു അർത്ഥം കൊടുക്കാം. അതായതു നികുതി കൊടുക്കൽ. കടം വാങ്ങിയതു കൊടുത്തു തീർക്കൽ, നാം പറഞ്ഞ വാക്കുകൾക്ക് കണക്കു കൊടുക്കൽ, എന്നിവ ഉൾ പ്പെടും. നമ്മുടെ സ്വഭാവത്തിനുപോലും നാം കണക്കു കൊടുക്കേണ്ടതാണ്. ഭൗതിക ജീവിതത്തിനും ആത്മീക ജീവിതത്തിനും നാം കണക്കു തീർക്കേണ്ടതാണ്. "അവന വൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിന്നു തക്കവണ്ണം പ്രാപിക്കേണ്ടതിന്നു നാം എല്ലാവരും ക്രിസ്തുവിൻെറ ന്യായാസനത്തിൻെറ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു എന്നത്രെ പൌലൊസ് രേഖപ്പെടുത്തിയിരിക്കുന്നതു (2 കൊരിന്ത്യർ 5,10).

എല്ലാവരും ദൈവത്തിനു കണക്കു കൊടുക്കേണ്ടവർ എന്നു പറയുമ്പോൾ അതിൽ ആരെല്ലാം ഉൾപ്പെടും എന്ന് നോക്കേണ്ടതുണ്ട്. ഭൗതിക ജീവിതത്തിൽ ശിശുക്കളും കുട്ടി കളും നികുതി കൊടുക്കുന്നതു തൊട്ട് അനേക കാര്യങ്ങൾ ചെയ്യേണ്ടതില്ല എന്നു നമുക്കറിയാം. ഒരു കുട്ടി ഒരു തെററു

ചെയ്താൽ, ഗൗരവമായ ഒരു കുററമാണ് ചെയ്തതെങ്കിൽ പോലും, നിയമം ആ കുട്ടിയുടെ പ്രായത്തെയും വളർച്ചയേയും പരിഗണിക്കുന്നു. ആ പ്രത്യേക കുററം ചെയ്ത കുട്ടി അതിൻെറ ഗൗരവത്തെ കുറിച്ച് ബോധമുണ്ടായിട്ടാണോ. അതോ തിരിച്ചറിവില്ലാതെ ചെയ്തതാണോ എന്ന് നിയമം അന്വേഷിക്കാറുണ്ട്. ഒരു കുട്ടി ആരെയെങ്കിലും കൊന്നാൽ ഒരു ന്യായാധിപനോ അല്ലെങ്കിൽ ഏതെങ്കിലും ഒരു കോടതിയോ ആ കുട്ടിയെ മരണശിക്ഷക്കു വിധേയമാക്കുന്നില്ല

വസ്തുത ഇങ്ങനെയാണെങ്കിലും. മതപരമായ ആളുകൾ, കുട്ടികളും ആദാമിൻെറ പാപം അവകാശമാക്കുന്നുവെന്നും അതുകൊണ്ട് അവർക്ക് പാപപരിഹാരം ആവശ്യമാണെന്നും വാദിക്കുന്നു. പക്ഷേ ബൈബിളിൽ അതൊന്നും പഠിപ്പിക്കുന്നില്ല എന്നു നാം മനസിലാക്കണം. ഒരു രോഗം ഒരാൾ അവകാശമാക്കുന്നതുപോലെ ഒരാളുടെ പാപം മറെറാരാൾക്കു അവകാശമാക്കാൻ സാദ്ധ്യമല്ല. വാക്യം പറയുന്നതു: ''പാപം ചെയ്യുന്ന ദേഹി മരിക്കും'' എന്നത്രെ (യെഹെസ്ക്കേൽ 18:20). എഴുത്തുകാരൻ തുടർന്നു എഴുതിയിരിക്കുന്നതു: ''മകൻ അപ്പൻെറ അകൃത്യം വഹിക്കേണ്ട, അപ്പൻ മകൻെറ അകൃത്യവും വഹിക്കേണ്ട'' എന്നാണ്. ഓരോരുത്തൻ അവനവൻെറ പ്രവൃത്തിക്കു ഉത്തരവാദിയായിരിക്കും എന്നതാണ് അതിൻെറ അർത്ഥം.

എന്നാൽ ആദാമിൻെറ പാപമോ ? ആദാമിൻെറ പാപത്തിനു ആദാമും ഹവ്വയുടെ പാപത്തിനു ഹവ്വയും ഉത്തരവാദിത്വമുള്ളവരായിരിക്കണം. അതിനുശേഷം ഉണ്ടായ എല്ലാ വ്യക്തികളെയും കുറിച്ചു ഇതു വാസ്തവമാണ്. മററുള്ളവരുടെ പാപങ്ങൾക്ക് ഓഹരിക്കാരാകാതെ തന്നെ നമ്മുടെ കുററങ്ങൾ ധാരാളമുണ്ട്, അവയ്ക്കെല്ലാം നാം, കണക്കു കൊടുക്കേണ്ടവരുമാണ്. ആദാമിൻെറ പാപം നിമിത്തം ഭൗതികമരണം ലോകത്തിലേക്കു കടന്നുവന്നു. എന്നാൽ ആത്മിക മരണം സംഭവിക്കുന്നതു ഓരോരുത്തരുടെയും വ്യക്തിപര

മായ അപരാധം നിമിത്തമാണ്. ഇതു തിരിച്ചറിയാതെ കുട്ടികളിൽ പാപമുണ്ട് എന്നു സമർത്ഥിക്കുന്നതു തെററു തന്നെയാണ്. ചെയ്യാത്ത കുററത്തിനു ശിക്ഷ വിധിക്കുന്നതുപോലെ ഇല്ലാത്ത കുററം ചുമത്തി പരിഹാരം നിർദ്ദേശിക്കുന്നതു ഖേദകരമാണ്.

എല്ലാവരും പാപം ചെയ്തു ദൈവത്തിൻെറ തേജസ് ഇല്ലാത്തവരായി തീർന്നു എന്നു തിരുവെഴുത്തു പറയുന്നില്ലേ ? (റോമർ 3:23). ഉണ്ട്, പക്ഷെ ആ സന്ദർഭം മുഴുവൻ പരിശോധിച്ചാൽ അവിടെ പറയുന്നവർ പാപികളായ പ്രായപൂർത്തിയെത്തിയവർ ആണെന്നു തെളിയും. അതായതു കുററമില്ലാത്ത നിഷ്കളങ്കരുടെ രക്തം ചിന്തുന്നവരും ഭോഷ്ക്കു പറയുന്നവരുമാണ് അവർ. തെററും ശരിയും തിരിച്ചറിയുവാനുള്ള പ്രായമെത്തിയവരെ കുറിച്ചാണ് റോമർ 3-ാം അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നതെന്ന് ക്രമേണ വ്യക്തമാകും. മറെറാരർത്ഥത്തിൽ പറഞ്ഞാൽ അവർ നൻമയും തിൻമയും വിവേചിച്ച് അറിയാൻ കഴിയാത്ത ശിശുക്കളോ കുട്ടികളോ അല്ല എന്ന് അർത്ഥം.

ദൈവവചനത്തിൽ കണക്കു കൊടുക്കേണ്ട ആളുകളുടെ ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നവർ, വചനം കേൾക്കുവാനും മനസിലാക്കുവാനും, കർത്താവിൽ വിശ്വസിക്കുവാനും, മാനസാന്തരപ്പെട്ട് അവരുടെ പാപങ്ങളിൽ നിന്നു തിരിയുവാനും കഴിവുള്ളവർ, അവരുടെ നാവുകൊണ്ട് യേശുക്രിസ്തു ദൈവപുത്രനാണെന്നു ഏററുപറയുവാൻ പററുന്നവർ, പാപമോചനത്തിനായി യേശുക്രിസ്തുവിൻെറ നാമത്തിൽ സ്നാനമേൽക്കുവാൻ ത്രാണിയുള്ളവർ എന്നിവരാണ് (റോമർ 10:17; എബ്രായർ 11:6; പ്രവൃത്തി 17:30; മത്തായി 10:32; മർക്കൊസ് 16:16). ഇവയൊന്നും ചെയ്യാൻ സാധിക്കാത്ത കുട്ടികൾ പാപികൾ ആകുന്നില്ല; അവർ ദൈവമുൻപാകെ പാപമില്ലാത്ത വിശുദ്ധരാണ്. മത്തായി 18-ാം അദ്ധ്യായത്തിൽ ഒന്നു മുതൽ അഞ്ചു വരെയുള്ള വാക്യങ്ങളിൽ അവരെ പററി യേശു തന്നെ പറഞ്ഞിട്ടുള്ളതാകുന്നു.

ഒരാൾ ദൈവരാജ്യത്തിൽ പ്രവേശിക്കണമെങ്കിൽ അയാൾ ശിശുക്കളെ പോലെ തിരിഞ്ഞുവരേണം. അല്ലെങ്കിൽ പ്രവേശനം കിട്ടുകയില്ല എന്നുമാണ്.

എന്നാൽ ചെറിയ കുട്ടികൾ ചിലപ്പോൾ വളരെ മോശമായ കാര്യങ്ങൾ ചെയ്യാറില്ലേ ? ചെയ്യും; അതു പലപ്പോഴും പ്രായപൂർത്തിയായ ആളുകൾ ചെയ്യുന്നതു കണ്ട് അനുകരിക്കുന്നതായിരിക്കും. ബോധപൂർവ്വം ചെയ്യുന്ന ഒരു പ്രവൃത്തി ആയിരിക്കയില്ല അതു. അതു തെററാണെന്ന് ആ കുട്ടിക്കു അറിവു വന്നിട്ടില്ല. "അതു കുഞ്ഞല്ലേ കുഞ്ഞിനു എന്തറിയാം" എന്നൊക്കെ നാം പറയാറില്ലേ ? അതുകൊണ്ട് ഇതുപോലുള്ള കുട്ടികൾ ചെയ്യുന്ന തെററുകളെ ദൈവം തെററായി കാണുന്നില്ല. അതിനാൽ അവർ ശിക്ഷിക്കപ്പെടേണ്ടതില്ല. ഒരു കോടതിയും കുട്ടികളെ കുററം ചുമത്തി ശിക്ഷിക്കാത്തതിന്റെ കാരണവും ഇതത്രെ. അവരുടെ ജീവിതം പൂർണ്ണമായും മാതാപിതാക്കളുടെ ഉത്തരവാദിത്വത്തിൽ തന്നെയാണ്. അതുകൊണ്ടാണ് കുട്ടികൾ കണക്കു കൊടുക്കേണ്ട എന്നു പറയുന്നതു.

പ്രവൃത്തികളുടെ പുസ്തകത്തിലെ പരിവർത്തനങ്ങളിൽ ഭവനം അല്ലെങ്കിൽ കുടുംബം കാണുന്നില്ലേ എന്ന ചോദ്യം പലപ്പോഴും ഉന്നയിക്കാറുണ്ട്. കർത്താവിനെ അനുസരിക്കുന്നവരുടെ കൂട്ടത്തിൽ, കൊർന്നേല്യോസിന്റെ ഭവനം, ലിദിയയും കുടുംബവും, ഫിലിപ്പിയയിലെ കാരാഗൃഹപ്രമാണിയും കുടുംബവും, മററു കുടുംബങ്ങളും ഉൾപ്പെട്ടിരുന്നു എന്നു നാം വായിക്കുന്നുണ്ട്. അവരുടെ കൂട്ടത്തിൽ തീർച്ചയായും കുട്ടികൾ ഉണ്ടായിരുന്നിരിക്കില്ലേ ? ജ്യേഷ്ഠസഹോദരങ്ങളോടൊപ്പം അവരും കർത്താവിനെ അനുസരിച്ചിരിക്കില്ലേ എന്ന് ചോദിക്കാറുണ്ട്. അവർക്കു കുട്ടികൾ ഉണ്ടായിരുന്നിരിക്കാം. ഒരു കുടുംബം വിശ്വസിച്ചു സ്നാനമേററു എന്നു പറയുമ്പോൾ തിരിച്ചറിയുവാനുള്ള പ്രാപ്തിയിലെത്തിയവരാണെന്ന് സ്പഷ്ടമാണ്: വിശ്വസിക്കുവാനും മാനസാന്തരപ്പെടുവാനും ഏററു പറയുവാനും കഴിവുള്ള

വരാണല്ലോ സ്നാനമേൽക്കുന്നതു. അപ്പോഠം അവരാണ് ഉത്തരവാദിത്തമുള്ളവർ. കുട്ടികഠം ആ കുടുംബങ്ങളിൽ ഉണ്ടായിരുന്നാൽ പോലും അവർക്കു പരിവർത്തനം ചെയ്യാൻ സാദ്ധ്യമല്ലല്ലോ. കുട്ടികഠക്കുവേണ്ടി മററാർക്കും അനുസരിക്കുവാൻ കഴിയുകയില്ലല്ലൊ.

ആരാണ് ദൈവത്തിനു കണക്കു കൊടുക്കേണ്ടവർ എന്ന ചോദ്യത്തിനുള്ള ഉത്തരം വ്യക്തമാണ്. പാപത്തിൽ നിന്നും മോചനം അഥവാ രക്ഷ ആവശ്യമുള്ളവർ, ദൈവത്തെ അനുസരിക്കേണ്ട ആവശ്യമുള്ളവർ, തങ്ങഠം പാപികളാണെന്ന ബോധ്യമുള്ളവർ, ദൈവഹിതം മനസിലാക്കത്തക്ക പ്രായമുള്ളവർ, നൻമയും തിൻമയും തിരിച്ചറിയുവാൻ കഴിവുള്ളവർ എന്നിവരാണ് തങ്ങളുടെ സംസാരത്തിനും പ്രവൃത്തിക്കും ദൈവത്തോടു കണക്കു കൊടുക്കേണ്ടതു.

നിങ്ങഠം ദൈവത്തിനു കണക്കു കൊടുക്കേണ്ടതുണ്ടോ ? ഈ ലേഖനം വായിക്കുന്ന ആളാണ് നിങ്ങഠം എങ്കിൽ, ഇതിൽ പ്രസ്താവിച്ചിരിക്കുന്ന കാര്യങ്ങഠം ഗ്രഹിക്കുവാൻ തക്ക മാനസികാരോഗ്യം നിങ്ങഠക്കു ഉണ്ടെങ്കിൽ, നിങ്ങഠം ഇതുവരെ കർത്താവിനെ അവൻെറ വചനപ്രകാരം അനുസരിച്ചിട്ടില്ലെങ്കിൽ ഇപ്പോഠം നിങ്ങഠം അനുസരിക്കേണ്ട വ്യക്തിയാണ്. രക്ഷിക്കപ്പെടുവാനുള്ള കർത്താവിൻെറ കൽപനകളെ എത്രയും വേഗം അനുസരിക്കുക. ഞങ്ങഠക്കു നിങ്ങളോടുള്ള പ്രബോധനം എന്തെന്നാൽ പുതിയ നിയമത്തിൽ വായിക്കുന്ന രീതിയിൽ നിങ്ങഠം ദൈവത്തിൽ നിന്നും രക്ഷ പ്രാപിക്കണം. അതു നീട്ടിവെയ്ക്കാതെ ഇപ്പോഠം തന്നെ അനുസരിക്കും എന്നു ഞങ്ങഠം പ്രത്യാശിക്കുകയും അതിനായി ഞങ്ങഠം പ്രാർത്ഥിക്കുകയും ചെയ്യുന്നു.

★

# കുട്ടികൾക്കു ഉപദേഷ്ടാക്കൾ ആവശ്യം

ബെററി B. C

യേശുക്രിസ്തുവിൻെറ സഭ ആരംഭിച്ചതു മുതൽ ക്രിസ്ത്യാനികൾ ആഴ്ച്ച വട്ടത്തിൻെറ ഒന്നാം നാൾ ആയ ഞായറാഴ്ച്ച ദൈവത്തെ ആരാധിക്കുവാൻ കൂടി വന്നിരുന്നു. തിരുവെഴുത്തിൽ നാം വായിക്കുന്നതു: "അവർ അപ്പൊസ്തലൻമാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു (അപ്പൊസ്തല പ്രവൃത്തികൾ 2:42).

കൂടിവരുന്നതിൻെറ പ്രഥമമായ ലക്ഷ്യം ദൈവത്തെ പുകഴ്ത്തി അവനെ നമസ്ക്കരിക്കുക എന്നതാണ്. രണ്ടാമതായി ആ സമയം ക്രിസ്തുവിലായി തീർന്നവർക്കു പഠനത്തിനും പ്രബോധനത്തിനും ആയിട്ടുള്ളതാണ്. "സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീയഗീതങ്ങളാലും തമ്മിൽ പഠിപ്പിച്ചും ബുദ്ധിയുപദേശിച്ചും നന്ദിയോടെ നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിനു പാടിയും ഇങ്ങനെ ക്രിസ്തുവിൻെറ വചനം ഐശ്വര്യമായി സകല ജ്ഞാനത്തോടും കൂടെ നിങ്ങളിൽ വസിക്കട്ടെ" എന്നാണ് നമ്മെ പഠിപ്പിച്ചിരിക്കുന്നതു (കൊലൊസ്യർ 3:16).

അപ്പൊസ്തലനായ പൌലൊസ് ത്രോവാസിലുള്ള സഭ സന്ദർശിച്ചപ്പോൾ ഏഴു ദിവസം അവിടെ പാർത്തു. ആഴ്ച്ചവട്ടത്തിൻെറ ഒന്നാം ദിവസത്തിൽ ശിഷ്യൻമാർ അപ്പം നുറുക്കുവാൻ കൂടി വന്നപ്പോൾ പൌലോസ് പിറെറന്നാൾ പുറപ്പെടുവാൻ ഭാവിച്ചതുകൊണ്ടു അവരോടു സംഭാഷിച്ചു പാതിരവരെയും പ്രസംഗം നീട്ടി (പ്രവൃത്തി 20:7).

ക്രിസ്ത്യാനികൾക്കു ആത്മീയപോഷകാഹാരം ലഭിച്ച് വളരുവാൻ കൂടിവരേണ്ടതും പഠിക്കേണ്ടതും . ആവശ്യമാണ് അതു മനസിലാകുന്ന ഭാഷയിലൂമായിരിക്കണം. എങ്കിൽ മാത്രമെ ആത്മീയ വർദ്ധന ശരിയായി നടക്കുകയുള്ളു. ദൈവം ഇച്ഛരിക്കുന്ന മാതൃകയിൽ വേണം നാം വളരുവാൻ.

ഇന്നത്തെ കുട്ടികൾ-നാളത്തെ സഭയായി മാറുന്നവരാണ്. അതുകൊണ്ട് അവർക്ക് ദൈവവചനപ്രബോധനം നിരന്തരം ആവശ്യമാണ്. അങ്ങനെയായാൽ അവരുടെ ജീവിതത്തിന് ആവശ്യമായ സഹായം ലഭിക്കുകയും വളരുകയും ചെയ്യും. മാതാപിതാക്കൾ തങ്ങളുടെ കുട്ടികൾക്ക് ബൈബിൾ പഠനം നടത്തികൊടുക്കണം. വീട്ടിലെ പഠനത്തിൽ ഗീതങ്ങളും ഉൾപ്പെടുത്തണം. കാരണം പാട്ടുകളിൽ അധികവും വാക്യങ്ങളും അർത്ഥവത്തായ ആശയങ്ങളും. അടങ്ങിയിട്ടുണ്ട്. ബൈബിൾ വായനയിലൂടെ ധാരാളം കാര്യങ്ങൾ അവർക്കു ഗ്രഹിക്കാൻ കഴിയുന്ന സമയം ബാല്യകാലത്താണ്. അവരുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും നിറവേററുവാൻ ദൈവത്തോടു യാചിക്കുവാൻ ശീലിക്കേണ്ടതും ഈ കാലയളവിൽ തന്നെയാണ്. അവർക്കു ലഭിക്കുന്ന ഉപകാരങ്ങൾക്കു, വിശേഷിച്ച് ആഹാരത്തിനും വസ്ത്രത്തിനും പാർപ്പിടത്തിനും ദൈവത്തോട് നന്ദി പ്രകാശിപ്പിക്കണം. ഓരോ ഭക്ഷണത്തിനും മുൻപ് നടത്തുന്ന പ്രാർത്ഥന നല്ലൊരു പരിശീലനമാണ്.

തിരുവെഴുത്തിലെ ഒരു ഭാഗം വായിച്ച് മനസിലാക്കൻ ബുദ്ധിമുട്ടുള്ളവ ലളിതമായ രീതിയിൽ പറഞ്ഞുകൊടുത്തു കുട്ടികളുടെ മനസിനെ ഉണർത്തണം. ഓരോ പാഠത്തെ കുറിച്ച് സംസാരിക്കുവാനും അതിൽ അടങ്ങിയിരിക്കുന്ന സത്യവും ഉദാഹരണങ്ങളും നമ്മുടെ ദൈനന്തിനജീവിതത്തിലെ സംഭവങ്ങളുമായി ഒന്നു താരതമ്മ്യം ചെയ്യുന്നതു നന്നായിരിക്കും. കേട്ട കാര്യങ്ങൾ അവരിൽ നിന്നും മറന്നുപോകാതെ നിൽക്കുവാൻ അതു സഹായിക്കും.

പ്രാധാന്യമർഹിക്കുന്ന വാക്യങ്ങരം മനഃപാഠം ആക്കുന്ന സ്വഭാവവും അവർക്കുണ്ടാകണം. അവരുടെ നോട്ട്ബുക്കിൽ ഇങ്ങനെ പഠിക്കുവാനുള്ള ഭാഗങ്ങരം എഴുതി കൊടുക്കണം. ആർക്കാണ് വീട്ടിൽ ഏററവും കൂടുതൽ വാക്യങ്ങരം എടുത്തു ഉദ്ധരിക്കുവാൻ കഴിയുന്നതെന്ന് തെളിയിക്കുവാൻ ലളിതമായ ഗെയിംസ് നടത്തുന്നതു പ്രയോജനപ്പെടും. പക്ഷെ അതു വാശിയോ അപകർഷതാബോധമോ ആരിലും ഉണ്ടാകാത്ത രീതിയിൽ വേണം ചെയ്യുവാൻ. ബൈബിളിലെ ഏതു വാക്യം പറഞ്ഞാലും ആർക്കാണ് അതു ആദ്യം കണ്ടുപിടിച്ച് വായിക്കാൻ കഴിയുക, ഏററവും കൂടുതൽ വാക്യങ്ങരം തെററു കൂടാതെ ആർക്കാണ് ഉദ്ധരിക്കുവാൻ കഴിയുക എന്നെല്ലാം പരിശോധിക്കുന്നതു ഓരോരുത്തരുടേയും കഴിവുകളെ വർദ്ധിപ്പിക്കും. ഓരോ കുട്ടിയെക്കൊണ്ടും അവർ സ്കൂളിൽ പോകുന്നതിനു മുൻപോ വൈകുന്നേരത്തെ ആഹാരത്തിനു മുൻപോ അവർ പഠിച്ച വാക്യങ്ങരം പറയിപ്പിക്കുന്നതു ഉപകാരപ്പെടും.

ഈ പ്രത്യേക പഠനസമയത്തിനു പുറമെ രക്ഷകർത്താക്കരം തങ്ങളുടെ കുട്ടികളെ ലൗകികമായ ചിന്തകളും വഴികളും ബൈബിരം തത്വങ്ങളിൽ നിന്നും എതിരായി നിൽക്കുന്നുവെന്ന് പ്രായോഗിക ജീവിതത്തിൽ അവർക്കു വിവരിച്ചു കൊടുക്കണം. അല്ലെങ്കിൽ അവർ ലോകത്തിൻെറ കെണിയിൽ അകപ്പെടും. ഒരു പക്ഷെ അവരുടെ സ്നേഹിതനോ സ്നേഹിതയോ കള്ളം പറയുകയോ ചതിക്കുകയോ ചെയ്തു എന്നു വിചാരിക്കുക. അപ്പോരം നാം അവർക്കു ബോധ്യപ്പെടുത്തി കൊടുക്കണം. സത്യസന്ധരായിരിക്കണം എന്നതാണ് ക്രിസ്ത്യാനികളെ കുറിച്ച് ദൈവം ആഗ്രഹിക്കുന്നതു. നാം അങ്ങനെ ജീവിക്കുമ്പോരം നമ്മളെ കുറിച്ച് ആളുകരം: "അവൻ അല്ലെങ്കിൽ അവരം നിന്നെ ഒരിക്കലും ചതിക്കയില്ല; പറഞ്ഞാൽ അതു സത്യമായിരിക്കും. നിങ്ങരംക്ക് അയാളെ വിശ്വസിക്കാം." എന്നു പറയും.

ദൈവവചനം പറയുന്നതു: "നിങ്ങളിൽ ജ്ഞാനിയും വിവേകിയുമായവൻ ആർ ? അവൻ ജ്ഞാനലക്ഷണമായ സൌമ്യതയോടെ നല്ല നടപ്പിൽ തൻെറ പ്രവൃത്തികളെ കാണിക്കട്ടെ. എന്നാൽ നിങ്ങൾക്കു ഹൃദയത്തിൽ കൈപ്പുള്ള ഈർഷ്യയും ശാഠ്യവും ഉണ്ടെങ്കിൽ സത്യത്തിന്നു വിരോധമായി പ്രശംസിക്കയും ഭോഷ്ക്ക് പറകയുമരുതു (യാക്കോ. 3:13-14). കുട്ടികളുടെ ഭാഷയിൽ തന്നെ വാക്കുകളും ആശയങ്ങളും അവർക്കു വിവരിച്ചുകൊടുത്താൽ ദൈവവചനം രൂപപ്പെടുത്തിയിരിക്കുന്നതു നമ്മുടെ ദൈനന്ദിന പ്രശ്നങ്ങളേയും, പെരുമാററത്തേയും തീരുമാനങ്ങളേയും സഹായിക്കുന്നതിനുവേണ്ടിയാണെന്നു അവർ തിരിച്ചറിയും.

ഒരു കുട്ടിയുടെ വലിയൊരു ഭാഗം പരിശീലനം രക്ഷകർത്താക്കളിൽ നിന്നു കിട്ടുന്ന ഉദാഹരണങ്ങളിലൂടെയാണ്. നുണ പറയരുതെന്നു പഠിപ്പിക്കുന്ന തൻെറ പിതാവ് അയൽക്കാരനോട് കള്ളം പറയുന്നതു കുട്ടികൾ കേട്ടാൽ, ആ കുട്ടികൾ എന്താണ് പഠിക്കുന്നത് ? അതു അവർക്കു ക്രിസ്ത്യാനിത്വത്തിലുള്ള വിശ്വാസം നഷ്ടപ്പെടുത്തിയേക്കാം. പിതാവ് വിശ്വസിക്കുന്നതൊന്ന് പ്രവൃത്തിക്കുന്നതു മറെറാന്ന് എന്ന് മനസിലാക്കുന്ന കുട്ടികൾ ഭാവിയിൽ കാപട്യമുള്ളവരായി മാറും. മാതാപിതാക്കൾ ഓർമ്മിക്കേണ്ട ഒരു കാര്യം തങ്ങൾ പറഞ്ഞുകൊടുക്കുന്നതിനേക്കാൾ ശക്തമായ രീതിയിൽ കുട്ടികളിൽ രൂഢമൂലമാകുന്നതു നമ്മുടെ പ്രവർത്തികൾ കാണുമ്പോഴാണ്. കുട്ടികളുടെ നിത്യമായ അഭ്യുന്നതി അവർക്കു മുന്നിൽ കാണുന്ന രക്ഷകർത്താക്കളുടെ ആത്മാർത്ഥതയുള്ള ക്രിസ്തീയ ജീവിതത്തെ ആസ്പദമാക്കിയിരിക്കും.

ആഴ്ചവട്ടത്തിൻെറ ഒന്നാം നാൾ സഭ കൂടി വരുമ്പോഴും കുട്ടികളെ പഠിപ്പിക്കേണ്ടതാണ്. പ്രായമനുസരിച്ച് കുട്ടികളെ ഓരോ ക്ലാസുകളിലാക്കി ആരാധനക്കു മുൻപ് അവർക്ക് ഉത്തേജനമേകുന്ന പ്രബോധനം നൽകണം. കുട്ടിയായ

രീതിയിൽ പ്രതിപാദിക്കുന്നതു കുട്ടികൾക്കു ഗ്രഹിക്കാൻ പര്യാപ്തമാകയില്ല. അതുകൊണ്ട് ലളിതമായ ഭാഷയിൽ അവരെ പഠിപ്പിക്കേണ്ടിയിരിക്കുന്നു.

സമപ്രായത്തിലുള്ള കുട്ടികൾ ഒന്നിച്ച് ഒരു ക്ലാസിലിരുന്നു പഠിക്കുന്നതു അവരിൽ പരിജ്ഞാനവും സ്നേഹവും വർദ്ധിക്കും. ഒരു പക്ഷേ സ്ഥലവും, കുട്ടികളും, അദ്ധ്യാപകരും ധാരാളം ഉണ്ടെങ്കിൽ അതനുസരിച്ച്, നഴ്സറി സ്ക്കൂളിൽ പഠിക്കുവാൻ തക്ക പ്രായമായവർക്കു, പ്രൈമറി സ്ക്കൂളിൽ പഠിക്കുന്നവർക്ക്, ഹൈസ്ക്കൂളിൽ പഠിക്കുന്നവർക്ക്, യുവാക്കന്മാർക്ക് യുവതികൾക്ക്, പ്രായമായവർക്ക് എന്നിങ്ങനെ വിപുലപ്പെടുത്തി പഠിപ്പിക്കാവുന്നതാണ്. ഏതെല്ലാം വിധത്തിലുള്ള പരിശീലനമാണോ നൽകേണ്ടതു അതിനു തക്ക ക്ളാസ്സുകളായിരിക്കണം ഓരോന്നും.

യുവാവായിരുന്ന തിമൊഥെയോസിനെ കുറിച്ച് ദൈവവചനം പറയുന്നതു: അവൻ ബാല്യം മുതൽ തന്നെ രക്ഷക്കു ജ്ഞാനിയാക്കുവാൻ കഴിവുള്ള തിരുവെഴുത്തുകളെ പഠിച്ചിരുന്നു എന്നാണ്.

പ്രായപൂർത്തിയായവരെ പഠിപ്പിക്കേണ്ടതു പുരുഷൻമാരാണെങ്കിലും, സ്ത്രീകൾക്കു സ്ത്രീകളെയും കുട്ടികളെയും പഠിപ്പിക്കാം. യുവതികളായ സ്ത്രീകളെ, അവരുടെ ഭർത്താക്കൻമാരേയും കുട്ടികളേയും ദൈവേഷ്ടപ്രകാരം സ്നേഹിക്കുവാനും നൻമകൾ ഉപദേശിച്ചുകൊടുക്കാനും വൃദ്ധമാരായ സ്ത്രീകൾ ഒരുങ്ങിയിരിക്കണം (തിത്തൊ. 2:3, 4). എങ്കിലും സ്ത്രീകൾ വിശ്വാസത്തിലും സ്നേഹത്തിലും വിശുദ്ധീകരണത്തിലും സുബോധത്തോടെ പാർക്കുന്നുവെങ്കിൽ അവർ മക്കളെ പ്രസവിച്ചു രക്ഷ പ്രാപിക്കും (1 തിമൊഥെയോസ് 2:15).

★

# ദുരുപദേഷ്ടാക്കളെ തിരിച്ചറിയൽ

## ഡബ് മെക്ളിപ്പ്

നമ്മുടെ കർത്താവ് തന്റെ ഗിരിപ്രഭാഷണം അവസാനിപ്പിക്കാറായപ്പോഠം താഴെ പറയുന്ന മുന്നറിയിപ്പുകഠം നൽകുകയുണ്ടായി: കള്ളപ്രവാചകൻമാരെ സൂക്ഷിച്ചുകൊഠംവിൻ; അവർ ആടുകളുടെ വേഷം പൂണ്ടു നിങ്ങളുടെ അടുക്കൽ വരുന്നു; അകമെയോ കടിച്ചു കീറുന്ന ചെന്നായ്ക്കഠം ആകുന്നു. അവരുടെ ഫലങ്ങളാൽ നിങ്ങഠംക്കു അവരെ തിരിച്ചറിയാം; മുള്ളുകളിൽ നിന്നു മുന്തിരിപ്പഴവും ഞെരിഞ്ഞിലുകളിൽ നിന്നു അത്തിപ്പഴവും പറിക്കുമാറുണ്ടോ ? (മത്താ. 7:15-16). ഇപ്പോഴും നമുക്ക് ഈ മുന്നറിയിപ്പ് ആവശ്യമാണോ ?

ചെന്നായ്ക്കളെ പുറത്തു കാണിക്കുന്നവരെ കണ്ടെത്തുന്നതിനേക്കാഠം എളുപ്പം ചെന്നായ്ക്കളെ സംരക്ഷിക്കുന്നവരെ കണ്ടെത്തുവാനായിരിക്കും. ഇന്നു നമ്മുടെ ഇടയിൽ കാണുന്ന സാധാരണ രീതി പറയുകയാണെങ്കിൽ, ദുരുപദേഷ്ടാക്കളെ വാനോളം പുകഴ്ത്തും, അവരെ ആളുകഠം കൈയ്യടിച്ച് അഭിനന്ദിക്കും, രാജകീയമായി സ്വാഗതം ചെയ്യും. എന്നാൽ ഒരാഠം അയാളെ ചെന്നായ് ആയി തിരിച്ചറിഞ്ഞ് അതു ബോധ്യപ്പെടുത്തി കൊടുത്താൽ അയാളെ എല്ലാവരും ഒരു ചെന്നായയെ എങ്ങനെ കാണും അതുപോലെയേ കാണൂ. കർത്താവിൽ നിന്നും എത്രയോ വ്യത്യസ്ഥമാണ് നമ്മുടെ സഹോദരങ്ങഠം ഈ കാര്യത്തിൽ. അപ്പൊസ്തലൻമാരുടെ കാലത്തു സഭയിൽ ഉള്ളവർ എങ്ങനെ ഈ ദുരുപദേഷ്ടാക്കളെ നേരിട്ടു എന്നു നാം അറിഞ്ഞിരിക്കേണ്ടതാണ്. അവർ വളരെ സൂക്ഷിച്ചിരുന്നു; കണ്ടെത്തിയാൽ, അവരെ അടയാളപ്പെടുത്തും; ഉപേക്ഷിക്കും; നിശ്ശബ്ദരാക്കും;

വെറുക്കും; വർജ്ജിക്കും, അവരുടെ അംഗീകാരം തള്ളിക്കളയും; അവസാനം സാത്താനു ഏൽപിക്കുകയും ചെയ്യും [പ്രവൃത്തി. 20:29-31; റോമർ 16:17-18; 2 യോഹന്നാൻ 9-11; 1 തിമൊഥെയോസ് 1:19-20; തീത്തോസ് 1:10-11).

ഇപ്പോൾ ചില ''ക്ഷുദ്ര വേട്ടക്കാരും'' ഭീതിപ്പെടുത്തുന്നവരും'' നമ്മുടെ ഇടയിൽ ദൈവമായി അഭിനയിക്കുന്നവരും കണ്ടേക്കാം. എന്നാൽ ഞാൻ അതിൽ സംശയിക്കുന്നു. (അങ്ങനെ ഉണ്ടെങ്കിൽ അവരുടെ എണ്ണം വർദ്ധിച്ചതാകും) ഇതും ഇതുപോലുള്ള പേരുകളെല്ലാം തന്നെ ആളുകളെ കബളിപ്പിക്കാനുള്ള കൃത്രിമോപായമായ പുകമറകൾ ആയി കാണുന്നു. ദുരുപദേഷ്ടാക്കളെ പുറത്തു കാണിക്കുന്നത് തടയുവാനുള്ള, അല്ലെങ്കിൽ മയപ്പെടുത്തുവാനുള്ള തന്ത്രമായിട്ടേ ഇതിനെ കാണാവൂ. കാരണം തൃപ്തികരമായ ഉത്തരം അവർക്കില്ല; അവർ തങ്ങളുടെ തെററുകളിൽ നിന്നും മാനസാന്തരപ്പെടാത്തവരുമാണ്. ഇത്തരം നാമങ്ങളാൽ തെററു പഠിപ്പിക്കുന്നവരെ, ചൂണ്ടിക്കാണിക്കുന്നവരെ നിശ്ശബ്ദരാക്കാം എന്നാണ് അവരുടെ ധാരണ. സത്യത്തിൽ മാത്രം ഉറച്ചുനിൽക്കുന്നവർക്കെതിരെ ദുരഭിമാനം ഉയർത്തുവാൻ ഇവർ ആളുകളെ പ്രേരിപ്പിക്കും. ഉദാരമായ നയത്തെ പ്രിയപ്പെടുന്നു എന്ന അഭിനയവും ഇവരിൽ ഉണ്ടാകും. ഈ ദുരുപദേഷ്ടാക്കന്മാരെ പുറത്തു കാണിക്കപ്പെടുമ്പോൾ അവർ വെറുക്കുന്നവരുടെ പേരെടുത്തു പറയാനും അവരിൽ ലേബലൊട്ടിക്കുവാനും തയ്യാറാകും.

ഒരു സഹോദരന്റെയോ സഹോദരിയുടേയോ പാപം ആരെങ്കിലും പുറത്തു കൊണ്ടുവന്നാൽ ആരും അതു ഇഷ്ടപ്പെടുകയില്ല എന്നെനിക്കറിയാം. എനിക്കു തീർച്ചയായും ഇഷ്ടമാവുകയില്ല. മറിച്ച് എല്ലാവരാലും പുകഴ്ത്തപ്പെടുവാനും നല്ലതു പറഞ്ഞു കേൾക്കുവാനുമാണ് ഇഷ്ടം.

ഒരിക്കലും പരാമർശിക്കുകയോ വിമർശിക്കുകയോ ചെയ്യുന്നതു കേൾക്കാൻ എനിക്കു താൽപര്യമില്ല. ആരെങ്കിലും എന്നെ തിരുത്താൻ ശ്രമിച്ചാലും ഞാൻ അതു സന്തോഷത്തോടെ സ്വീകരിക്കുകയില്ല. ആവശ്യമായ രംഗങ്ങളിൽ ഭീരുത്വത്താൽ ഒതുങ്ങുന്ന ഒരു സ്വഭാവമുള്ള വ്യക്തി ദൈവരാജ്യത്തിൽ വാസ്തവത്തിൽ ഒരു സുവിശേഷകനോ, ക്രിസ്തുവിനെ വാസ്തവത്തിൽ അനുഗമിക്കുന്നവനോ അല്ല.

സഹോദരൻമാർക്കിടയിൽ ചെന്നായി ഉണ്ട് എന്ന് മുന്നറിയിക്കുവാൻ തക്ക വിധം ഭീതിപ്പെടുത്തുന്നവനോ ക്ഷുദ്രവേട്ടക്കാരനോ ആയി എന്നെ ആക്കിയാൽ എനിക്ക് അതിൽ സ്വർഗ്ഗീയ അനുഗ്രഹം പ്രാപിക്കും. ഞാൻ അങ്ങനെയുള്ള ഒരാളാണെങ്കിൽ ഈ ഉത്തരവാദിത്വത്തിൽ ആയിരുന്ന യേശുക്രിസ്തുവിനേയും അപ്പൊസ്തലൻമാരേയും ആളുകൾ എന്തു വിളിക്കും? ദുരുപദേഷ്ടാക്കളുടെ യഥാർത്ഥരൂപം പുറത്തു കൊണ്ടുവരുന്നവർ ദൈവമെന്ന് നടിക്കുന്നവരാണെന്നു പറയുന്നുവെങ്കിൽ ദുരുപദേഷ്ടാക്കളെ ന്യായീകരിക്കുന്നവർ പിശാചിനെ അഭിനയിക്കുന്നവർ എന്നു വരുന്നില്ലേ? അതുകൊണ്ട് കർത്താവിൻെറ വചനത്തെ എതിർക്കുന്ന പൈശാചിക അഭിനയത്തേക്കാൾ കർത്താവിൻെറ വചനം അനുസരിക്കുന്ന ദൈവാഭിനയം ഞാൻ ഇഷ്ടപ്പെടുന്നു. നമ്മുടെ സ്നേഹിതനായാലും, സഹോദരനായാലും ബന്ധുവായാലും തെററാണ് ചെയ്യുന്നതെങ്കിൽ, പഠിപ്പിക്കുന്നതെങ്കിൽ അതു തിരുത്തുവാൻ നാം മടിക്കരുതു. അങ്ങനെ ചെയ്താൽ മാത്രമെ നാം ദൈവ മുൻപാകെ വിശ്വസ്ഥരാകയുള്ളു.

★

# പ്രവാചകൻ

## J. ഫ്രാൻസിസ്

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

അവൻ മൊവാബ്യ ദേശത്തു എത്തിയപ്പോഠം ബാലാക് രാജാവ് അവനെ വളരെ ബഹുമാനത്തോടുകൂടി സ്വീകരിച്ചു. യിസ്രായേല്യർ താമസിച്ചിരുന്ന സ്ഥലം ബാലാക് അവനോടൊപ്പം ഒരു കുന്നിൻെറ മുകളിൽ ചെന്നു കാണിച്ചുകൊടുത്തു. അവരെ ശപിക്കുവാൻ അവൻ ബിലയാമിനോടു ആവശ്യപ്പെട്ടു; എന്നാൽ അവൻ ദൈവ അരുളപ്പാടിനായി അപേക്ഷിച്ചു അവരെ ശപിക്കരുതെന്നു ദൈവം അവനു താക്കീതു നൽകി അവൻ അനുസരിച്ചു. ബാലാക് ഇതേ കാര്യം ബിലയാമിനോടു പല പ്രാവശ്യം രാജ്യത്തിൻെറ പല ഭാഗങ്ങളിൽ നിന്നുകൊണ്ടു ആവശ്യപ്പെട്ടു. അപ്പോഴെല്ലാം അവൻ ദൈവത്തിൻെറ അരുളപ്പാടിനായി അപേക്ഷിച്ചു. അവരെ ശപിക്കരുതെന്ന താക്കീതു തന്നെ അവനു വീണ്ടും വീണ്ടും ലഭിച്ചുകൊണ്ടിരുന്നു. അവൻ അതു വീണ്ടും അനുസരിച്ചു.

അവൻ രാജാവിനെ പ്രീതിപ്പെടുത്തുന്നതിനുവേണ്ടി ദൈവകൽപനയെ അൽപമെങ്കിലും വളച്ചൊടിച്ചു ഇസ്രായേൽ ജനത്തെ ശപിക്കുവാൻ ഒരിക്കലും ഒരുമ്പെട്ടില്ല. മോശെ ദൈവകൽപനയെ അൽപം മാററി മറിച്ചതുകൊണ്ടു മാത്രമാണ് ദൈവം ഇസ്രായേൽ ജനത്തിനു വാഗ്ദാനം ചെയ്തിരുന്ന കനാൻ ദേശത്തേയ്ക്കു കടക്കുവാൻ സാധിക്കാതെ മോശയ്ക്കു മരണം കൈവരിക്കേണ്ടിവന്നത്. ബിലെയാം ദൈവകൽപനയെ മറി കടക്കുവാൻ ഒരിക്കലും ഒരുമ്പെട്ടിരുന്നില്ല. അതുകൊണ്ട് തൻെറ ഉദ്ദേശം നടക്കുകയില്ലായെന്നു ബാലാക് മനസ്സിലാക്കി. അവൻ ബിലെയാമിനെ തിരികെ അയച്ചു. രാജധാനിയിലേക്കു മടങ്ങി. അവൻ രാജാവിനെ

പ്രീതിപ്പെടുത്തിയിരുന്നുവെങ്കിൽ വെള്ളിയും, പൊന്നുമായി രാജധാനിയിൽ നിന്നും അവനു മടങ്ങാമായിരുന്നു. എന്നാൽ ദൈവശാപം അവനെ പിൻതുടരുമായിരുന്നു. ദൈവാജ്ഞ അതേപടി അനുസരിച്ചതിനാൽ വെള്ളിയും പൊന്നും ഇല്ലാതെ മോവാബ് ദേശത്തുനിന്നു അവൻ മടങ്ങി. എന്നാൽ ദൈവാനുഗ്രഹം അവനെ പിൻതുടർന്നു. അതിനാൽ ദൈവകല്പനകളെ അൽപം പോലും മാററാതെ അതേപടി തൻെറ പേരിനും പ്രശസ്തിക്കും വേണ്ടിയല്ലാതെ ദൈവമഹത്വത്തിനുവേണ്ടി മാത്രം അനുസരിച്ച ഒരു പ്രവാചകനാണ് ബിലെയാം.

തുടർന്നു നാം ബൈബിളിൽ കാണുന്ന പ്രവാചകനാണ് ശമുവേൽ. ഏൽക്കാനാക്കും ഹന്നയ്ക്കും പ്രാർത്ഥനയിലൂടെ ലഭിച്ച മകനാണു ശമുവേൽ. ഞാൻ അവനെ യഹോവയോടു അപേക്ഷിച്ചു വാങ്ങി എന്നു പറഞ്ഞുകൊണ്ടാണു അവർ അവനു ആ പേരു നൽകിയത്. അവനു മൂന്നു വയസ്സായപ്പോൾ അവർ ശീലോവിൽ ചെന്നു അവനെ യഹോവയ്ക്കു നിവേദിച്ചു. അവൻ യഹോവയുടെ ആലയത്തിൽ പുരോഹിതനായ ഏലിയോടുകൂടി കഴിഞ്ഞു (1 ശമു. 1, 2, 10-13, 20, 26-28). അവൻ അവിടെ ഏലിയോടുകൂടി യഹോവക്കു ശുശ്രൂഷ ചെയ്തുപോന്നു (1 ശമു. 2: 11). ഏലിയുടെ മക്കൾ ദുഷ്ടൻമാരായിരുന്നു. അവരുടെ അകൃത്യം ഏലി അറിഞ്ഞിരുന്നു. എന്നിട്ടും അവൻ അവരെ ശാസിച്ചമർത്തിയില്ല. ദൈവം ശമുവേലിൽക്കൂടി ആ തെററ് ഏലിയ്ക്കു ബോധ്യപ്പെടുത്തികൊടുത്തു (1 ശമു. 3:12-14). ശമുവേൽ വളർന്നു. യഹോവ അവൻെറ കൂടെ സദാനേരവും ഉണ്ടായിരുന്നു, അവനിലൂടെ വെളിപ്പെടുത്തികൊടുത്ത വചനങ്ങൾ നിഷ്ഫലമായി പോകുവാൻ ദൈവം ഇട വരുത്തിയിരുന്നില്ല (1 ശമു. 3:19).

★

(ശേഷം അടുത്ത ലക്കത്തിൽ)

കവിത

# യോസേഫ്

E. K. തേപ്പുപാറ

തള്ളിക്കളഞ്ഞതാം സോദരരെന്നെയും,
പൊട്ടക്കിണററിൻ ആഴപ്പകുതിയിൽ,
എന്നു പുലമ്പി വിതുമ്പുന്ന ശബ്ദം,
കേട്ടതും മിദ്യാന്യ വ്യാപാര സംഘം.
ക്ഷിപ്രം കരേററി നടത്തി പതുക്കവേ,
കേട്ടുതൻ ശോക കഥയൊക്കെ മെല്ലെവേ.
എൻ മകൻ യോസേഫ് എവിടെയെൻ മക്കളെ,
കാട്ടിൻ നടുവിലവനെന്തു ഭവിച്ചുപോയ്,
ഒന്നിനും ഉത്തരം ചൊല്ലാൻ മടിച്ചവർ,
പെട്ടെന്നു ഞെട്ടിത്തരിച്ചു നിന്നീടിനാൻ,
തൻ രക്തപാശത്തെ പൊട്ടക്കിണററിൻ;
നടുവിൽ തകർത്തതെങ്ങനെ ചൊല്ലുമേ,
എന്നു നിരൂപിച്ചു താളം പിഴച്ചവർ
ഞെട്ടി തെറിച്ചു തരിച്ചു നിന്നീടിനാൻ,
കാലം കടന്നുപോയ് ക്ഷാമം പതുക്കവേ,
ദേശമതെങ്ങും പരവിതുടങ്ങിയും,
തൻ സോദർ തന്നെ സമീപിക്കയാകിലും,
ആരെന്നു താൻ തന്നെ ചൊല്ലിതുടങ്ങിയും.
ഞാൻ തന്നെ നിങ്ങടെ കൂടപ്പിറപ്പാകിയ,
പണ്ടത്തെ പൊട്ടക്കിണററിലെ യോസേഫ്,
പെട്ടെന്നു പൊട്ടിത്തെറിക്കും പോലുള്ളൊരു
നെഞ്ചിടിവാങ്ങിനാൻ സോദരരത്രയും.
തെല്ലും ഭയം വേണ്ട സോദരരെ നിങ്ങടം,
കൊണ്ടു വരുവിൻ എൻ തന്തയെവേഗമായ്
യാക്കോബ് തൻ മകൻ യോസേഫിനെ കണ്ടു,
കാലങ്ങളത്രയും ജീവിച്ചു മാഞ്ഞുപോയ്.

★

# വീക്ഷാ ഗോപുരത്തിലെ യഹോവ

## സാജു ജോർജ്

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

ഭൂമിയിലുള്ള സകല മതവിഭാഗങ്ങളിലും വച്ച് ദൈവ ജനമായിട്ടുള്ളവർ ഞങ്ങൾ മാത്രമാണ് എന്നാണ് യഹോവ സാക്ഷിക്കാർ വിശ്വസിക്കുന്നത്. ദൈവം ഞങ്ങളെ തിരഞ്ഞെടുത്തു....തൻെറ സാക്ഷികൾ എന്ന പേരും നൽകി, എന്ന് അവർ അവകാശപ്പെടുന്നു. ലൂതർ, കാൽവിൻ. **Menno** തുടങ്ങിയ നേതാക്കൻമാരുടെ പേരുകളാൽ വിളിക്കപ്പെടുന്ന ലൂതറൻ, കാൽവിനിസ്റ്റ്, **Mennomites** എന്നിവരുടെ നേർക്ക് വിരൽ ചൂണ്ടി അവർ മനുഷ്യരെയും, ദിവസങ്ങളെയും പിൻപററുന്നവരാണ് എന്ന് പറയുവാൻ വളരെ ഇഷ്ടപ്പെടുന്നു. പക്ഷേ ഞങ്ങളോ യഹോവയായ ദൈവത്തെ അനുകരിക്കുന്നവർ എന്നും.

വീക്ഷാഗോപുര സംഘടനയുടെ സ്ഥാപകനായ **Charles Taze Russell**-ൻെറ പേരിൽ 'റസ്സൽമതക്കാർ എന്നാണ് 1870-ൽ സംഘടന ആരംഭിച്ചതു മുതൽ ഇവരെ അറിയപ്പെട്ടിരുന്നത്. 1931-വരെ ഈ പേരിലാണ് അവരെ വിളിച്ചിരുന്നത്. 1931-ൽ **Columbus, Ohio**-ൽ വച്ച് നടത്തിയ കൺവെൻഷനിലാണ് ഔദ്യോഗികമായി 'യഹോവ സാക്ഷികൾ' എന്ന പേര് തിരഞ്ഞെടുത്തത്. റസ്സലിൻെറ ഉപദേശങ്ങളെ പിൻതുടർന്നുപോന്ന മററ് ചില വിഭാഗങ്ങളുമായി പേരിൽ കൂട്ടിച്ചേർക്കപ്പെടാതിരിക്കുവാനാണ് പുതിയ പേർ സ്വീകരിക്കേണ്ടിവന്നത്. **(to distinguish them' from other groups that also followed Russell)**.

'യഹോവയുടെ സാക്ഷികൾ' എന്ന നാമം സ്വീകരിച്ചിരിക്കുന്നതുകൊണ്ടു അവർ മാത്രമാണ് ദൈവത്തിൻെറ ജനം

എന്നു പറയുന്നത് എത്ര ബുദ്ധിഹീനമായ ചിന്തയാണ്. പേര് മാത്രം ശരിയായും പക്ഷേ ഉപദേശത്തിലും വിശ്വാസത്തിലും യാതൊരു അടിസ്ഥാനവുമില്ലാതെയിരിക്കുന്നതു കാണുമ്പോഠം ഇന്ന് **Church of Christ, Church of God** എന്ന വചനപ്രകാരമുള്ള പേരുകഠം കൃത്യമായി പിൻതുടരുകയും.....പക്ഷേ ദൈവവചനത്തിൽ പറയുന്നതുപ്രകാരം ആ നാമത്തിനു യോഗ്യമായ ജീവിതമോ, വിശ്വാസമോ ഇല്ലാത്ത സമൂഹങ്ങളെപ്പോലെയാണ്. യഹോവയുടെ സാക്ഷികളാകണമെങ്കിൽ തീർച്ചയായും ദൈവവചനം ശരിയായി പഠിപ്പിക്കുകയും യേശുക്രിസ്തുവിനെ ശരിയായ രീതിയിൽ (ദൈവമായി തന്നെ-ഫിലിപ്പിയർ 2:5-6) കാണുകയും വേണം. വചനവിരുദ്ധമായി പഠിപ്പിച്ചുകൊണ്ടു യഹോവയുടെ സാക്ഷികഠം എന്ന പേരു മാത്രം ഉയർത്തിപിടിച്ചാൽ എന്തു ഫലം ? "2 യോഹന്നാൻ 9-ാം വാക്യം പല ആവർത്തി വായിച്ചുനോക്കൂ....മനസ്സിലാക്കുവാൻ കഴിയും.

മത്തായി 7:21-23 വരെ വാക്യങ്ങളിൽ ഒരു നാമം മാത്രമല്ല. അതിൽ മററു പലതും ഉഠംപ്പെടുന്നു എന്ന് വ്യക്തമായി പറയുന്നതു കേഠംക്കാം.

"എന്നോടു കർത്താവേ, കർത്താവേ എന്നു **പറയുന്നവൻ** എവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ **ഇഷ്ടം ചെയ്യുന്നവൻ** അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതു. കർത്താവേ, കർത്താവേ **നിന്റെ നാമത്തിൽ** ഞങ്ങഠം പ്രവചിക്കയും **നിന്റെ നാമത്തിൽ** ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികഠം പ്രവർത്തിക്കയും ചെയ്തില്ലയോ എന്നുപലരും ആ നാളിൽ എന്നോടു പറയും." (തുടർന്നുള്ള വാക്യങ്ങഠം വായിച്ചാൽ ക്രിസ്തുവിന്റെ നാമം ഉപയോഗിച്ചു എന്നുള്ളതുകൊണ്ടും അവരുടെ പ്രവൃത്തികഠം ദൈവം അംഗീകരിക്കുകയോ, സ്വീകരിക്കുകയോ ചെയ്യുന്നില്ല.

★

(ശേഷം അടുത്ത ലക്കത്തിൽ)

# അന്ത്യോക്ക്യയിലെ സഭ

## T. C. രാജൻ തുമരൻപാറ

"അന്ത്യോക്ക്യയിലെ സഭയിൽ ബർന്നബാസ്, നീഗർ എന്നു പേരുള്ള ശിമോൻ, കുറേനക്കാരനായ ലൂക്ക്യൊസ്. ഇടപ്രഭുവായ ഹെരോദാവോടുകൂടെ വളർന്ന മനായേൽ, ശൌൽ എന്നീ പ്രവാചകൻമാരും ഉപദേഷ്ടാക്കൻമാരും ഉണ്ടായിരുന്നു. അവർ കർത്താവിനെ ആരാധിച്ചും ഉപവസിച്ചും കൊണ്ടിരിക്കുമ്പോൾ ഞാൻ ബർന്നബാസിനെയും ശൌലിനെയും വിളിച്ചിരിക്കുന്ന വേലക്കായിട്ടു അവരെ എനിക്കു വേർതിരിപ്പിൻ എന്നു പരിശുദ്ധാത്മാവു പറഞ്ഞു. അങ്ങനെ അവർ ഉപവസിച്ചു പ്രാർത്ഥിച്ചു അവരുടെ മേൽ കൈവച്ചു അവരെ പറഞ്ഞയച്ചു [അപ്പൊസ്തല പ്രവർത്തികൾ 13:1-3].

ഇന്ന് നാം നമ്മുടെ ചുററുപാടുകളിൽ വീക്ഷിക്കുമ്പോൾ കർത്താവിനെ ആരാധിക്കുന്ന ക്രിസ്തീയ സഭകൾ നമുക്ക് കാണാൻ കഴിയും. അതാത് പ്രദേശങ്ങളിൽ കർത്താവിൻെറ സുവിശേഷത്തിൽ വിശ്വസിച്ച് അനുസരിച്ച് രക്ഷിക്കപ്പെട്ട് കൂടിവരുന്ന കൂട്ടം [സഭ]. ഉദാഹരണമായി:-കോട്ടയം സഭ, തിരുവനന്തപുരം, മുക്കൂട്ടുതറ സഭ etc....അഥവാ പ്രാദേശിക സഭ എന്നർത്ഥം. അതുപോലെ അന്ത്യോക്യാ പട്ടണത്തിൽ കർത്താവിനെ സ്വീകരിച്ചവർ ഒരുമിച്ചുകൂടി ആരാധിച്ചിരുന്ന സഭയാണ് നമ്മുടെ ചിന്താവിഷയം. ഈ സഭയെ കുറിച്ച് അനവധി കാര്യങ്ങൾ നമുക്ക് പഠിക്കുവാൻ കഴിയും. അന്ത്യോക്യ സഭയുടെ പ്രത്യേകത എന്തായിരുന്നു എന്ന് നമുക്ക് പിന്നീടു ചിന്തിക്കാം. സഭ എന്നു കേൾക്കു

മ്പോൾ നമ്മുടെ മനസിൽ ഓടിയെത്തുക കെട്ടിടം എന്ന പദമാണ്. എന്നാൽ ഗ്രീക്കിൽ ഈ വാക്കിന് [എക്ലീസിയ] എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. [വിളിച്ചു ചേർത്തിരിക്കപ്പെട്ടവരുടെ കൂട്ടം]. രക്ഷിക്കപ്പെടുന്നവരെ കർത്താവ് ദിനംപ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു [അപ്പൊ. പ്രവൃത്തി 2:47].

നാം ചിന്തിക്കുന്ന അന്ത്യോക്യ സഭയെ വ്യക്തമായി പഠിക്കുമ്പോൾ ക്രിസ്തുസഭയുടെ യഥാർത്ഥരൂപം നമുക്ക് ദർശിക്കാൻ കഴിയും. ഈ സഭയിൽ അനവധി ആളുകളെ നമുക്ക് കാണുവാൻ കഴിയും എല്ലാവരും പല വിധത്തിലുള്ളവർ, പല ഭാഷക്കാർ, പല ജാതിക്കാർ, പല ചുററുപാടുകളിൽ നിന്നുള്ളവർ എന്ന് മനസിലാക്കാം. ഈ സഭയിലെ വ്യക്തികളെ ഓരോരുത്തരെയായി നമുക്ക് എടുത്ത് പഠിക്കാം.

**ഒന്നാമതായി ബർന്നബാസ്**:—ഈ പേരിന്റെ അർത്ഥം തന്നെ പ്രബോധന പുത്രൻ എന്നാണ് [അപ്പൊ. പ്രവൃത്തി 4:36-37]. ഇദ്ദേഹം കുപ്രോസ് ദ്വീപിൽ നിന്നുള്ള ഒരു യഹൂദനും ലേവ്യനുമാണ്. ബർന്നബാസ് തന്റെ നിലം വിററ് പണം കൊണ്ടുവന്ന് അപ്പൊസ്തലൻമാരുടെ കാൽക്കൽ വച്ചു. ഇതിൽ നിന്നും നമുക്ക് ഒന്ന് ഗ്രഹിക്കുവാൻ കഴിയും തനിക്കുള്ളതെല്ലാം ദൈവത്തിന് എന്ന് മനസിലാക്കി സമർപ്പിച്ച ബർന്നബാസ്. എന്നാൽ ഇന്നത്തെ ബർന്നബാസുമാർ അന്ത്യോക്യസഭയിലെ ബർന്നബാസിന്റെ മാതൃക കണ്ടു പഠിക്കട്ടെ ഇന്ന് ഇതല്ല സ്ഥിതി, നമുക്ക് ഉള്ളതെല്ലാം നമുക്ക് എന്നാണ്. ഈ സ്ഥിതി മാററിയേ തീരു. എങ്കിലേ നമ്മൾ അനുഗ്രഹം പ്രാപിക്കു.

**രണ്ടാമതായി നീഗർ എന്നു പേരുള്ള ശീമോൻ**:— ഒരു യഹുദനായിരുന്നുവെങ്കിലും നീഗർ എന്ന വാക്കുകൊണ്ട് റോമൻ പശ്ചാത്തലത്തിൽ ജീവിക്കുന്നവനാണ് എന്ന്

മനസിലാക്കാം. ഇദ്ദേഹത്തെക്കുറിച്ച് പഠിക്കുമ്പോൾ കർത്താവിന്റെ ക്രൂശ് നിർബന്ധിച്ച് വഹിച്ച ശീമോൻ ആണ് എന്നുഗ്രഹിക്കാം. ദൈവവചനം പറയുന്നതു നിർബന്ധത്താൽ അരുത്, സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു [2 കൊരി. 9:7].

**മൂന്നാമതായി കുറേനക്കാരനായ ലുക്യൊസ്:-** കുറേന എന്ന് പറഞ്ഞാൽ വടക്കേ ആഫ്രിക്കയിലെ ഒരു രാജ്യമാണ്. ശരിയായി പറഞ്ഞാൽ ഒരു പുറജാതീയൻ. യഹൂദൻമാർ ഏററവും അധികം വെറുത്തിരുന്ന പുറജാതീയർ നാം വചനം പഠിക്കുമ്പോൾ അപ്പോസ്തലന്മാർ യഹൂദന്മാരോട് മാത്രം അല്ലാതെ മററാരോടും ആദ്യം സുവിശേഷം അറിയിച്ചിരുന്നില്ല എന്ന് കാണുവാൻ കഴിയും [അപ്പൊ. 11:19]. ജാതിയിൽപെട്ടവരെ യഹൂദൻമാർ വെറുത്തിരുന്നു. ജാതീയരായിട്ടുള്ളവരെ നരകത്തിൽ തീ കത്തിക്കാനായിട്ടുള്ള വിറകായിട്ടാണ് അവർ ഗണിച്ചിരുന്നത്. എന്നാൽ പത്രോസ് അപ്പോസ്തലനോട് കർത്താവ് ചോദിച്ചു ദൈവം ശുദ്ധീകരിച്ചതിനെ നീ മലിനമെന്നു വിചാരിക്കുന്നോ എന്ന ചോദ്യം [അപ്പൊ. 10:15]. പിന്നീട് പത്രോസ് അനുസരിക്കുന്നതായി ആ അദ്ധ്യായം വായിക്കുമ്പോൾ കാണാം. എന്നാൽ ദൈവവചനം പറയുന്നത് ശ്രദ്ധിക്കുക. "പലരായ നാം ക്രിസ്തുവിൽ ഒരു ശരീരം ആണ് [റോമർ 12:5]. വീണ്ടും പറയുന്നു നാം ഒരപ്പത്തിന്റെ അംശികളം [1 കൊരി. 10:17].

**നാലാമതായി മനായേൽ:-** മഹാനായ ഹെരോദാവുമായി കുടുംബബന്ധം ഉണ്ടായിരുന്നവൻ. ഉന്നതനിലവാരത്തിൽ നിന്നുള്ളവൻ.

**അഞ്ചാമതായി ശൌൽ:-** ക്രിസ്തുസഭയെ മുടിച്ചവൻ. പിന്നീട് പൌലോസായി തീർന്നു [അപ്പൊ. 8:1-3]. ക്രിസ്ത്യാനികളെ നശിപ്പിക്കുന്നതിന് കച്ച കെട്ടി ഇറങ്ങിയവൻ.

കൂടാതെ ഉപദേഷ്ടാക്കൻമാരും ഉണ്ടായിരുന്നു; സഭയെ ഭരിച്ചു നടത്തുവാൻ സഭയ്ക്ക് ആവശ്യമായ പോഷകാഹാരം വിളമ്പികൊടുക്കുവാൻ. ഈ സഭയിൽ ഒന്നു ശ്രദ്ധിച്ചു നോക്കുക ഓരോ വ്യക്തികളേയും എടുത്ത് പറഞ്ഞിരിക്കുന്നതായിക്കാണാം. എല്ലാവരും വളരെ കൂട്ടായ്മ ഉള്ളവർ ആയിരുന്നു എന്ന് വ്യക്തമാണ്.

## ഈ സഭയുടെ മററൊരു പ്രത്യേകതയാണ് ആരാധിക്കുന്ന സഭ

കർത്താവ് ശമര്യാസ്ത്രീയോടു പറഞ്ഞു: ആത്മാവിലും സത്യത്തിലും ആരാധിക്കണം എന്ന് [യോഹ. 4:24]. എന്നാൽ ആരാധനയുടെ മാഹാത്മ്യം എന്താണെന്ന് പലർക്കും അറിയില്ല. എങ്ങനെയാണ് കർത്താവിനെ ആരാധിക്കേണ്ടത്? കർത്താവിന് കൊടുക്കുന്നതാണ് ആരാധന. യഹോവ എനിക്കു ചെയ്ത സകല ഉപകാരങ്ങൾക്കും, ഞാൻ അവനു എന്തു പകരം കൊടുക്കും ? സ്തോത്ര കാഴ്ച മാത്രമോ ദൈവത്തിന് വേണ്ടത് ? അല്ല. ഇവിടെ സങ്കീർത്തനക്കാരൻ പറയുന്നത് ഞാൻ രക്ഷയുടെ പാനപാത്രം എടുത്ത് യഹോവയുടെ നാമം വിളിച്ചപേക്ഷിക്കും [സങ്കീ. 116:12-13]. കർത്താവിന് നമ്മുടെ മററൊന്നും ആവശ്യമില്ലാ. അവനെ സ്തുതിക്കണം. സാറഫുകൾ ആരാധിക്കുന്നതുപോലെ [യെശയ്യാ. 6:2-4]. അപ്രകാരം ആരാധനയ്ക്ക് പ്രാധാന്യം നൽകിയിരുന്ന സഭയായിരുന്നു അന്ത്യോക്യാസഭ [അഥവാ ദൈവത്തിന് കൊടുത്തിരുന്ന സഭ].

## കർത്താവിൻെറ വേലയ്ക്കായ് അയയ്ക്കുന്ന സഭ [സുവിശേഷീകരണം]

പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ പരിശുദ്ധാത്മാവ് പറയുകയാണ് ശൌലിനെയും, ബർന്നബാസിനെയും

എൻെറ വേലയ്ക്കായിട്ട് വേർതിരിപ്പിൻ. ഇവിടെ സഭയുടെ വളർച്ച നമുക്ക് കാണുവാൻ കഴിയും. അങ്ങനെ അവർ [വിശ്വാസികൾ എല്ലാവരും] ഉപവസിച്ച് പ്രാർത്ഥിച്ച് അവരുടെ മേൽ കൈവെച്ച് കൂട്ടായ്മ കാണിച്ച് അവരെ പറഞ്ഞയച്ചു. അന്ത്യോക്യ സഭ നാംക്കു നാം വളർന്നു കൊണ്ടിരുന്നു.

ക്രിസ്തു സഭയുടെ യഥാർത്ഥ രൂപം ഈ അന്ത്യോക്യ സഭ നമുക്ക് തരുന്നുണ്ട്. ഇന്നത്തെ ക്രിസ്തീയ സഭകൾ അന്ത്യോക്യ സഭയെ മാതൃകയാക്കിയിരുന്നെങ്കിൽ എന്ന് ആശിക്കുന്നു. ഈ സഭയുടെ ഐക്യം ഒന്നു ശ്രദ്ധിക്കുക. വിവിധ നിലകളിലുള്ളവർ ആയിരുന്നിട്ടും അവർ എല്ലാവരും വളരെ ഐക്യത്തോടെ ദൈവത്തെ ആരാധിച്ചു. അന്ത്യോക്യ സഭയുടെ എന്നത്തേയും മുദ്രാവാക്യം ആയിരുന്നത് ''ഉണർന്നിരിപ്പിൻ വിശ്വാസത്തിൽ നില നിൽപ്പിൻ, പുരുഷത്വം കാണിപ്പിൻ, ശക്തിപ്പെടുവിൻ. നിങ്ങൾ ചെയ്യുന്നതെല്ലാം സ്നേഹത്തിൽ ചെയ്വിൻ എന്നായിരുന്നു [1 കൊരി. 16:13-14]. എന്നാൽ ഇന്ന് എപ്രകാരം എന്ന് നമ്മുടെ ചുററുപാടുമുള്ള സഭകളെ പരിശോധിച്ചാൽ കാണാൻ കഴിയും. ഇവിടെ ഒരു പാട്ടുകാരൻ പാടിയ ഒരു ഗാനത്തിന് വളരെ പ്രസക്തിയുണ്ട്.

''നിൻെറ പേരിൽ ഞങ്ങൾ ചെയ്യും വേലകൾ
തിരുനാമവും ധരിച്ചു ചെയ്യും ക്രിയകൾ''

ഇന്നത്തെ സഭകൾ അന്ത്യോക്യസഭയെ മാതൃക ആക്കിയിരുന്നെങ്കിൽ എത്ര നന്നായിരുന്നു! ക്രിസ്തുസഭ നാംക്കു നാം വർദ്ധിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. ഉണരാം, വിശ്വാസത്തിൽ നില നിൽക്കാം, പുരുഷത്വം കാണിക്കാം ചെയ്യുന്നതെല്ലാം ക്രിസ്തീയ സ്നേഹത്തിൽ ചെയ്യാം.

★

# ഏഴ് സഭകൾക്കുള്ള ദൂത്

എം. എസ്. ജോൺ

## 6 ഫിലദെൽഫ്യ സഭ (വെളി. 3:7-13)

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

ആകയാൽ ഈ ഭൂമിയിൽ ദൈവം നിന്നെ ഏത് നിലയിൽ ആക്കിവെച്ചിരിക്കുന്നുവോ ആയതിൽ നിലനിന്ന്, എതിരാളികളാൽ ഒന്നിലും കുലുങ്ങിപ്പോകാതെ ഏകമനസ്സോടെ സുവിശേഷത്തിന്റെ വിശ്വാസത്തിനായി പോരാട്ടം കഴിക്കുന്നു എന്നു ഗ്രഹിക്കേണ്ടതിന്നു ക്രിസ്തുവിന്റെ സുവിശേഷത്തിന്നു യോഗ്യമാംവണ്ണം മാത്രം നടപ്പിൻ. അത് എതിരാളികളുടെ നാശത്തിനും നിങ്ങളുടെ രക്ഷയ്ക്കും ഒരു അടയാളമാകുന്നു. അതു ദൈവം തന്നെ വെച്ചതാകുന്നു'' (ഫിലി. 1:27-28). ആയതിനാൽ ഫിലദെൽഫ്യസഭയെപോലെ ദൈവവചനം കാത്തുകൊള്ളാനും, അനുസരിപ്പാനും, നിഷേധിക്കാതിരിപ്പാനും നമുക്ക് ശ്രമിക്കാം. ദൈവവചനം കാക്കുന്നവൻ തന്റെ വിശ്വാസജീവിതത്തിൽ വളരെയേറെ സഹിഷ്ണുതയും കഷ്ടങ്ങളും നഷ്ടങ്ങളും സഹിക്കയും വേണം.

''യെഹൂദരല്ലാതിരിക്കെ യെഹൂദരെന്നു കളവായി പറയുന്ന ചിലരെ ഞാൻ സാത്താന്റെ പള്ളിയിൽ നിന്നു വരുത്തും; അവർ നിന്റെ കാൽക്കൽ വന്നു നമസ്കരിപ്പാനും ഞാൻ നിന്നെ സ്നേഹിച്ചു എന്ന് അറിവാനും സംഗതി വരുത്തും'' (വെളി. 3:9).

'യെഹൂദരല്ലാതിരിക്കെ യെഹൂദരെന്നു കളവായി പറയുന്ന സാത്താന്റെ പള്ളിക്കാരെ' എന്ന് ആദ്യമേസ്മുർന്നായിലെ സഭയ്ക്കുള്ള ദൂതിൽ പരാമർശിച്ചിട്ടുണ്ടു. ആക്കൂട്ടർ

കള്ളൻമാരാണ്. അവർ കള്ളം പറയുകയും ചെയ്യുന്നു. കള്ളം പറയുന്നവൻ പിശാചാണ്. യോഹന്നാൻെറ സുവിശേഷം 8:44 വായിക്കുക. എന്നാൽ അങ്ങനെ ഉള്ളവരുടെ മാനസാന്തരത്തിന്നു ഫിലദെൽഫ്യസഭ മുഖാന്തരമായി ഭവിച്ചിരുന്നു. അത് അവരുടെ പ്രസംഗചാതുര്യം കൊണ്ടല്ല, സഭയിലെ വിശ്വാസികൾ തമ്മിലുള്ള സ്നേഹം, മാതൃകാപരമായ ജീവിതാനുഭവങ്ങളും നിമിത്തം ആയിരുന്നു. ഫിലദെൽഫ്യസഭ കർത്താവിനെ സ്നേഹിക്കുന്നവരെന്നും കർത്താവ് അവരെ സ്നേഹിക്കുന്നു എന്നും സാത്താൻെറ പള്ളിയിൽ നിന്നും അവിടെ വന്നുചേർന്ന കള്ളൻമാരായ യെഹൂദർക്ക് മനസ്സിലാക്കാൻ സാധിച്ചു. ഫിലദെൽഫ്യസഭയുടെ അത്തരത്തിലുള്ള വിശ്വാസവും, ജീവിതമാതൃകകളും കള്ളൻമാരായ യെഹൂദൻമാർക്ക് പുതിയ ജീവിതാനുഭവങ്ങളിലേക്ക് അവരെ വഴി തെളിയിച്ചു. അപ്രകാരമുള്ള മാതൃകാജീവിതം കർത്താവിൻെറ സഭകൾക്ക് ഇന്നും ഉണ്ടായിരിക്കണം. അങ്ങനെയെങ്കിൽ നശിച്ചുകൊണ്ടിരിക്കുന്ന അനേകായിരങ്ങളെ നിത്യജീവങ്കലേക്ക് നമുക്കും വഴി കാണിച്ചുകൊടുക്കാൻ കഴിയും. മതസംഘടനാസഭകളിൽ കുടുങ്ങി നശിച്ചുകൊണ്ടിരിക്കുന്ന അനേകർക്ക് ക്രിസ്തുവിൻെറ സഭകൾ വഴിവെളിച്ചമായി തന്നെ പരിലസിക്കണം. അവരിലേക്ക് സുവിശേഷത്തിൻെറ വിത്തുകൾ വാരി വിതറുകയും അവരെ രക്ഷയിലേക്ക് നയിക്കുന്നതിന് ക്രിസ്തുവിൻെറ സ്നേഹത്തിൻെറ ഊഷ്മളമായ പരിചരണങ്ങൾ നമ്മിൽ നിന്നും അവർക്ക് അനുഭവമാകുവാൻ ഇടയാകുകയും വേണം. അത്തരത്തിലുള്ള ക്രിസ്തീയജീവിതത്തിലും മാതൃകാപ്രവർത്തനങ്ങളിലും കൂടി അനേകരെ ക്രിസ്തുവിങ്കലേക്ക് തിരിച്ചുകൊണ്ടുവരാനും സാത്താൻെറ ദുരുപദേശങ്ങളിൽ നിന്നും സത്യത്തിലേക്ക് നടത്താനും നമുക്കു കഴിയുന്നു. ഫിലദെൽഫ്യസഭ അതിന് നമുക്കൊരു മാതൃകാസഭയാണ്.

ബാബിലോൺ സാമ്രാജ്യത്തിൻെറ ആധിപത്യം നിലനിന്നിരുന്ന കാലത്ത്, നെബൂഖദ്നേസർ രാജാവ് പൊന്നു

കൊണ്ട് ഒരു ബിംബം ഉണ്ടാക്കി അതിനെ ബാബേൽ സംസ്ഥാനത്തു ദൂരാസമഭൂമിയിൽ സ്ഥാപിച്ചു. രാജാവ് തന്റെ സർവ്വജനത്തെയും കൂട്ടിവരുത്തിയിട്ട് അവരോട് കൽപിച്ചു. "കാഹളം, കുഴൽ, തംബുരു, കിന്നരം, വീണ, നാഗസ്വരം മുതലായ സകല വിധ വാദ്യനാദവും കേൾക്കുമ്പോൾ നിങ്ങൾ വീണു നെബൂഖദ്നേസർരാജാവ് നിർത്തിയിരിക്കുന്ന സ്വർണ്ണബിംബത്തെ നമസ്ക്കരിക്കേണം. ആരെങ്കിലും വീണു നമസ്ക്കരിക്കാതെ ഇരുന്നാൽ അവനെ ആ നാഴികയിൽ തന്നേ എരിയുന്ന തീച്ചൂളയിൽ ഇട്ടുകളയും" (ദാനി. 3:5, 6). എന്നാൽ യിസ്രായേലിൽ നിന്നും അടിമകളായി കൊണ്ടുവന്നവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്ന ശദ്രക്കു, മേശക്ക്, അബേദ്നെഗോ എന്നീ പുരുഷൻമാർ ബാബേൽ സംസ്ഥാനത്തിലെ കാര്യാദികൾക്ക് മേൽ വിചാരകൻമാരായി രാജാവ് നിയമിച്ചിരുന്നു. എങ്കിലും അവർ സ്വർണ്ണബിംബത്തെ നമസ്ക്കരിക്കണമെന്നുള്ള രാജാവിന്റെ കൽപനയെ നിരസിച്ചു. ആ കുറ്റത്തിന് അവരെ നെബൂഖദ്നേസർ രാജാവിന്റെ സന്നിധിയിൽ ഹാജരാക്കി. ആ യെഹൂദാ പുരുഷൻമാർ രാജാവിനോട് "നെബൂഖദ്നേസരേ, ഈ കാര്യത്തിൽ ഉത്തരം പറവാൻ ആവശ്യമില്ല, ഞങ്ങൾ സേവിക്കുന്ന ദൈവത്തിനു ഞങ്ങളെ വിടുവിപ്പാൻ കഴിയുമെങ്കിൽ അവൻ ഞങ്ങളെ എരിയുന്ന തീച്ചൂളയിൽ നിന്നും, രാജാവിന്റെ കയ്യിൽ നിന്നും വിടുവിക്കും. അല്ലെങ്കിലും, ഞങ്ങൾ രാജാവിന്റെ ദേവന്മാരെ സേവിക്കയില്ല; രാജാവ് നിർത്തിയ സ്വർണ്ണബിംബത്തെ നമസ്ക്കരിക്കയുമില്ല, എന്നു അറിഞ്ഞാലും എന്നു ഉത്തരം പറഞ്ഞു" (ദാനി. 3:16-18). അവരുടെ മറുപടി കേട്ടപ്പോൾ രാജാവിന്റെ മുഖഭാവം മാറി, അവന് കോപം ജ്വലിച്ചു. തീച്ചൂള പതിവായിട്ടുള്ളതിൽ നിന്നും ഏഴു മടങ്ങു ചൂടു പിടിപ്പിപ്പാൻ രാജാവ് കൽപിച്ചു. "അവൻ തന്റെ സൈന്യത്തിലെ മഹാബലവാന്മാരായ ചില പുരുഷൻമാരോടു ശദ്രക്കിനെയും മേശക്കിനെയും അബേദ്നെഗോവെയും ബന്ധിച്ചു എരിയുന്ന തീച്ചൂളയിൽ ഇട്ടുകളവാൻ കൽപിച്ചു. അങ്ങനെ അവർ ആ പുരു

ഷൻമാരെ അവരുടെ കാൽചട്ട, കുപ്പായം മേലാട മുതലായ വസ്ത്രങ്ങളോടുകൂടെ ബന്ധിച്ചു എരിയുന്ന തീച്ചൂളയിൽ ഇട്ടുകളഞ്ഞു" (ദാനി. 3:20, 21). അവരെ ബന്ധിച്ചുകൊണ്ടുപോയ രാജാവിന്റെ ബലവാൻമാരായ പടയാളികൾ അഗ്നിജ്വാല ഏററ് ദഹിച്ചുപോയി. എന്നാൽ അഗ്നികുണ്ഡത്തിൽ എറിയപ്പെട്ട യെഹൂദാ പുരുഷൻമാരുടെ നടുവിൽ നാലമതു ഒരുവൻ കൂടെ അവരോടൊരുമിച്ചു തീയിൽ നടക്കുന്നതു കണ്ട് നെബൂഖദ്നേസർ രാജാവ് ഭ്രമിച്ചുപോയി. "നാലാമത്തവന്റെ രൂപം ഒരു ദൈവപുത്രനോടു ഒത്തിരിക്കുന്നു എന്നു കൽപിച്ചു" തീച്ചൂളയിൽ വലിച്ചെറിഞ്ഞ യിസ്രായേൽ പുരുഷൻമാർക്ക് യാതൊരു കേടും സംഭവിച്ചിരുന്നില്ല. രാജാവ് പെട്ടെന്നു തീച്ചൂളയുടെ വാതിൽക്കൽ അടുത്തുചെന്നു. "അത്യുന്നതനായ ദൈവത്തിന്റെ ദാസൻമാരായ ശദ്രക്കേ, മേശക്കേ, അബേദ്നെഗോവേ, പുറത്തു വരുവിൻ എന്നു കൽപിച്ചു" (ദാനി. 3:26) അങ്ങനെ അവർ തീച്ചൂളയിൽ നിന്നും പുറത്തു വന്നു. "ആ പുരുഷൻമാരുടെ ദേഹത്തിന്നു തീ പിടിക്കാതെയും അവരുടെ തലമുടി കരിയാതെയും കാൽചട്ടയ്ക്ക് കേടു പററാതെയും അവർക്ക് തീയുടെ മണം പോലും തട്ടാതെയും ഇരുന്നതു കണ്ടു" (ദാനി. 3:27). തുടർന്ന് രാജാവ് ജനത്തോടു കൽപിച്ചത് "ശദ്രക്കിന്റെയും മേശക്കിന്റെയും അബേദ്നെഗോവിന്റെയും ദൈവം വാഴ്ത്തപ്പെട്ടവൻ; തങ്കൽ ആശ്രയിക്കയും സ്വന്ത ദൈവത്തെയല്ലാതെ വേറൊരു ദൈവത്തെയും സേവിക്കയോ നമസ്കരിക്കയോ ചെയ്യാതിരിക്കത്തക്കവണ്ണം രാജകൽപന കൂടെ മറുത്തു തങ്ങളുടെ ദേഹത്തെ ഏൽപിച്ചുകൊടുക്കയും ചെയ്ത തന്റെ ദാസൻമാരെ അവൻ സ്വദൂതനെ അയച്ചു വിടുവിച്ചിരിക്കുന്നുവല്ലോ.

(ശേഷം അടുത്ത ലക്കത്തിൽ)

★

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggie Gnana-sundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Mondays — 9:00 to 9:15 P.M.
Fridays — 7:45 to 8:00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 12:45 to 1:00 P.M.
Tuesdays — 9:00 to 9:15 P.M.
Thursdays — 9:00 to 9:15 P.M.
Fridays — 9:00 to 9:15 P.M.

**TELUGU**—The Voice of Truth—Speaker: Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2:30 to 2:45 P.M.
Tuesdays — 2:30 to 2:45 P M.
Thursdays— 2:30 to 2:45 P.M.
Fridays — 2:30 to 2:45 P M.
Saturdays – 2:30 to 2:45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Tuesdays — 5:30 to 5:45 P.M.
Thursdays — 6:45 to 7:00 P.M.
Sundays — 6:45 to 7:00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Tuesdays & Fridays—3:45 to 4:00 P.M.

**KANNADA**—The Voice of Truth– Speaker: Robert Rathnakar—Box. 448, Bangalore—560004
Sundays 1:45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

* You are Cordially Invited *
To Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

---

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram-695034
Phone : 443378

To